# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1158** | **11.06.2019-ൽ മറുപടിക്ക്**

## അങ്കമാലി ബൈപാസ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.റോജി എം. ജോൺ** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) മദ്ധ്യകേരളത്തിൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്കുള്ള അങ്കമാലിയിൽ ബൈപാസിന്റെ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | കിഫ്ബി അംഗീകരിച്ച അലൈൻമെന്റ് പ്രകാരം ബൈപ്പാസ് ചതുപ്പുനിലം നികത്തി ചെയ്യേണ്ടി വരുമെന്നതിനാൽ, പാരിസ്ഥിതാഘാതം കണക്കിലെടുത്ത് പ്രസ്തുത അലൈൻമെന്റ് മാറ്റി ആർ.ബി.ഡി.സി.കെ ആദ്യം നിശ്ചയിച്ച അലൈൻമെന്റിൽ Elevated Highway ആയി ബൈപ്പാസിന്റെ 1.8 കി.മീ ഭാഗം മാറ്റുവാനായി കിഫ്ബിയുടെ അനുമതി തേടിയിട്ടുണ്ട്. ഈ ഭേദഗതി ലഭിക്കാത്തതാണ് പദ്ധതി ആരംഭിക്കാത്തതിന്റെ കാരണം. |
| (ബി) പ്രസ്തുത പ്രവൃത്തിക്കുള്ള ഭരണാനുമതി എന്നാണ് ലഭിച്ചത്; ഭരണാനുമതി ലഭിച്ചിട്ട് ഒരു രൂപ പോലും ചെലവാകാതിരുന്നാൽ നിശ്ചിത കാലാവധി കഴിഞ്ഞാൽ പ്രസ്തുത ഭരണാനുമതി ലാപ്സ് ആകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം ഭരണാനുമതി ലഭിച്ച തുക ചെലവഴിക്കാതെ പദ്ധതി നഷ്ടമായാൽ ഇതിന്റെ ഉത്തരവാദി ആരാണെന്ന് വ്യക്തമാക്കാമോ; | (ബി) | 02.06.2017 നാണ് പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി നൽകിയത്. ശ്രദ്ധയിൽപെട്ടിട്ടില്ല |
| (സി) ബൈപാസിന്റെ നിർമ്മാണം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര യോഗമാണ് വകുപ്പമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചതെന്നും പ്രസ്തുത യോഗങ്ങളുടെ തീരുമാനത്തിന്റെ പകർപ്പും ലഭ്യമാക്കാമോ; | (സി) & (ഡി) | 12/12/2018-ന് തീരുമാനിച്ച യോഗം കൂടിയിട്ടില്ല |
| (ഡി) നിർദ്ദിഷ്ട ബൈപാസിനായുള്ള ചർച്ചക്ക് നിയമസഭാഹാളിൽ വിളിച്ച യോഗം അന്നത്തെ സ്ഥലം എം.പി.യുടെ അസൗകര്യം കണക്കിലെടുത്ത് | | |

മാറ്റിയതിന് ശേഷം യോഗം വിളിച്ചില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അങ്കമാലി വഴി യാത്ര ചെയ്യുന്നവരുടെയും അങ്കമാലിക്കാരുടെയും ദുരിതത്തിന് അറുതി വരുത്തുവാൻ ബൈപ്പാസിന്റെ നിർമ്മാണ തടസ്സങ്ങൾ നീക്കി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(ഇ) അലൈൻമെന്റിന്റെ ഭേദഗതിയ്ക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ തീരുമാനം ലഭിച്ചാൽ ഭൂമി ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കാനാവും.

**സെക്ഷൻ ഓഫീസർ**